# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുപ്പൈനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-പി1-065/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 01/02/2022
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂപ്പൈനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൂപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്യൂ.വൈ.ഡി-പി1-065/2022 തീയ്യതി: 01/02/2022

# വയനാട് ജില്ലയിലെ മുപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ മുപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-10-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പി കെ ഉണ്ണി | ഡെപ്യൂട്ടി ഡയറക്ടർ | 15-12-2021 | 04-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-12-2021 | 04-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ യമുന | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| എ കെ റഫീഖ് | പ്രസിഡന്റ് | 24-12-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഷോബി കെ ബി | സെക്രട്ടറി | 01-04-2020 | 08-03-2021 |
| ഷിനോജ് മാത്യു( സെക്രട്ടറി ഇൻ ചാർജ്) | സെക്രട്ടറി | 09-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഷിനോജ് മാത്യൂ | അസി. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ. ഫെസിൻ | മെഡിക്കൽ ഓഫീസർ എഫ് എച്ച് സി | 01-04-2020 | 31-03-2021 |
| ഡോ.വിനേഷ് | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.അനിൽ ബി | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| സുമിത എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 04-01-2021 |
| അന്നമമ എ | ഐ സി ഡി എസ് സൂപ്പർവൈസർ | 05-01-2021 | 31-03-2021 |
| ടോണി സി എൽ | അസി. എഞ്ചിനീയർ | 01-04-2020 | 17-02-2021 |
| ഷിജു ടി പി(അസി. എഞ്ചിനീയർ ചാർജ്) | അസി. എഞ്ചിനീയർ | 18-02-2021 | 31-03-2021 |
| ഉഷ പി ആർ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| സജിത്ത് കുമാർ കെ | വി ഇ ഒ | 01-04-2020 | 31-03-2021 |
| മറിയുമ്മ എം കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.M.Navaz (Asst. Audit Officer, On 09-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: K.M.Navaz (Asst. Audit Officer, On 09-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K.M.Navaz (Asst. Audit Officer, On 09-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: K.M.Navaz (Asst. Audit Officer, On 09-01-2022)<br>Last Updated By: K.M.Navaz (Asst. Audit Officer, On 24-01-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: K.M.Navaz (Asst. Audit Officer, On 09-01-2022)<br>Last Updated By: K.M.Navaz (Asst. Audit Officer, On 24-01-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: K.M.Navaz (Asst. Audit Officer, On 09-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: K.M.Navaz (Asst. Audit Officer, On 09-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: K.M.Navaz (Asst. Audit Officer, On 09-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: K.M.Navaz (Asst. Audit Officer, On 09-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.M.Navaz (Asst. Audit Officer, On 09-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Tiji Varghese (Auditor, On 09-01-2022)<br>Last Updated By: Unni P.K (Deputy Director, On 01-02-2022) | 1-11 |
| 12 | രസീതി ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Tiji Varghese (Auditor, On 07-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 1-12 |
| 13 | ഗ്രാമപഞ്ചായത്തിന്റെ പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.<br>Written By: Tiji Varghese (Auditor, On 07-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 1-13 |
| 14 | വസ്തു നികുതിയിനത്തിൽ കുടിശ്ശിക വർദ്ധിക്കുന്നു.<br>Written By: Tiji Varghese (Auditor, On 07-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 1-14 |
| 15 | പുതിയ കെട്ടിടങ്ങളെ ഡിമോളിഷ്ഡ് ബിൽഡിംഗ് കാറ്റഗറിയിൽപ്പെടുത്തി | 1-15 |

| | | |
|---|---|---|
| | നികുതി ഒഴിവാക്കുന്നു.<br>Written By: Tiji Varghese (Auditor, On 07-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | |
| 16 | ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് സൂക്ഷിക്കുന്ന അകൗണ്ടിൽ നിന്ന് TDS ഇനത്തിൽ 17558/-രൂപ കുറവ് വരുത്തി.<br>Written By: Tiji Varghese (Auditor, On 07-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 1-16 |
| 17 | നിർവ്വഹണ ഉദ്യോഗസ്ഥ അകൗണ്ടിംഗ് ചട്ടപ്രകാരം ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല.<br>Written By: Tiji Varghese (Auditor, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 1-17 |
| 18 | ഐ സി ഡി എസ് സൂപ്പർവൈസർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായും പദ്ധതി ലക്ഷ്യങ്ങൾക്ക് വിരുദ്ധമായും പദ്ധതി നടപ്പാക്കി<br>Written By: Tiji Varghese (Auditor, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 1-18 |
| 19 | അംഗൺവാടി പോഷകാഹാരം പദ്ധതിയ്ക്കുവേണ്ടി വിവിധ അങ്കണവാടികളിൽ പോഷകാഹാരം വിതരണം ചെയ്യുന്നതിനായി ക്വട്ടേഷൻ കൂടാതെ വാഹനം വാടകയ്ക്കെടുത്തു.<br>Written By: Tiji Varghese (Auditor, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 1-19 |
| 20 | സംയുക്തപരിശോധനയില്ലാതെ പൊതുടാപ്പുകളുടെ വെള്ളക്കരം അടക്കുന്നു.<br>Written By: Prasanth C V (Audit Officer, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 1-20 |
| 21 | വിനിയോഗവിവരങ്ങൾ ലഭ്യമല്ല<br>Written By: Prasanth C V (Audit Officer, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 1-21 |
| 22 | ടൂർ നോട്ട് ഇല്ലാതെ യാത്രാപ്പടി നല്കി.<br>Written By: Prasanth C V (Audit Officer, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 31-01-2022) | 1-22 |
| 23 | വിവിധകേസുകളിലായി വക്കീലിന് ഫീസ് നല്കിയത്-വിശദവിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ ചേർത്തിട്ടില്ല<br>Written By: Prasanth C V (Audit Officer, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 1-23 |
| 24 | ഫുട്ബോൾ അക്കാഡമികൾക്ക് സ്പോർട്സ് കിറ്റ്- കായികക്ഷമതാ റിപ്പോർട്ടും തുടർനടപടികളുമില്ല.<br>Written By: Prasanth C V (Audit Officer, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 1-24 |
| 25 | കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ ഗ്രോബാഗ് /കുരുമുളക് തൈ വിതരണം ചെയ്തു.<br>Written By: Prasanth C V (Audit Officer, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 1-25 |
| 26 | ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്ത വ്യക്തിക്ക് പമ്പ് സെറ്റ് അനുവദിച്ചു.<br>Written By: Prasanth C V (Audit Officer, On 06-01-2022)<br>Last Updated By: Unni P.K (Deputy Director, On 31-01-2022) | 1-26 |
| 27 | ബില്ലില്ലുള്ള മരുന്നുകൾ പൂർണ്ണമായും സ്റ്റോക്കിൽ ചേർത്തിട്ടില്ല-<br>Written By: K.M.Navaz (Asst. Audit Officer, On 07-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 1-27 |

| | | |
|---|---|---|
| 28 | ആയുർ വേദ മരുന്ന് മുഴുവൻ ലഭിച്ചിട്ടില്ല.<br>Written By: K.M.Navaz (Asst. Audit Officer, On 07-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 1-28 |
| 29 | തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ തപ്രവൃത്തികൾക്ക് സാധന സാമഗ്രികൾ വിതരണം ചെയ്ത കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല .<br>Written By: K.M.Navaz (Asst. Audit Officer, On 07-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 1-29 |
| 30 | പൊതുമരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ<br>Written By: K.M.Navaz (Asst. Audit Officer, On 07-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 1-30 |
| 31 | മരാമത്ത് പ്രവൃത്തി പൂർത്തീയാക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല<br>Written By: K.M.Navaz (Asst. Audit Officer, On 07-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 1-31 |
| 32 | മരാമത്ത് പ്രവൃത്തി ബില്ലിൽ നിന്നും നികുതി ഈടാക്കിയില്ല<br>Written By: K.M.Navaz (Asst. Audit Officer, On 07-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 1-32 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | മരാമത്ത് പ്രവൃത്തി ബില്ലിൽ നിന്നും നികുതി ഈടാക്കിയില്ല-13152 രൂപ നിരാകരിക്കുന്നു<br>Written By: K.M.Navaz (Asst. Audit Officer, On 07-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 3-1 |
| 2 | ഐ സി ഡി എസ് സൂപ്പർവൈസർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായും പദ്ധതി ലക്ഷ്യങ്ങൾക്ക് വിരുദ്ധമായും പദ്ധതി നടപ്പാക്കി<br>Written By: Tiji Varghese (Auditor, On 09-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 3-2 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.M.Navaz (Asst. Audit Officer, On 09-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.M.Navaz (Asst. Audit Officer, On 10-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: K.M.Navaz (Asst. Audit Officer, On 10-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: K.M.Navaz (Asst. Audit Officer, On 10-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: K.M.Navaz (Asst. Audit Officer, On 10-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 4-5 |

| | | |
|---|---|---|
| 6 | ഓഡിറ്റ് റിക്കവറി<br>Written By: K.M.Navaz (Asst. Audit Officer, On 10-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: K.M.Navaz (Asst. Audit Officer, On 10-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.M.Navaz (Asst. Audit Officer, On 10-01-2022)<br>Last Updated By: K.M.Navaz (Asst. Audit Officer, On 01-02-2022) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: K.M.Navaz (Asst. Audit Officer, On 10-01-2022)<br>Last Updated By: Unni P.K (Deputy Director, On 20-01-2022) | 4-9 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

27.03.2020തീയതിയിലെ 1/2020 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 8172808 |
| വരവ് | 298882000 |
| ആകെ | 307054808 |
| ചെലവ് | 305176337 |
| നീക്കിബാക്കി | 1878471 |

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്,വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ അപ്രകാരം നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2021 | 06/07/2021 | | |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 30882193 |
| വരവ് | 121682446 |
| ആകെ | 152564639 |
| ചെലവ് | 126398963 |
| നീക്കിയിരിപ്പ് | 26165676 |

### 1-4 ഫണ്ട് വിനിയോഗം

| ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | | 16934833 | 16934833 | 16917633 | 17200 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 4614037 | 4614037 | 4614037 | |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 4132373 | 4132373 | 3637046 | 495327 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 4440000 | 4440000 | 4440000 | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 5527522 | 5527522 | 5527522 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 9264857 | 12336494 | 21601351 | 4123438 | 17477913 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

2020-21

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 239 | 153546185 | 197 | 99293098 | 11 | 31 | 82.42 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 26 | 22 | 15087910 | 11713034 | 78 |
| അസി.എഞ്ചിനീയർ | 125 | 99 | 62170382 | 30105237 | 48 |
| കൃഷി ഓഫീസർ | 19 | 18 | 9361055 | 7486385 | 80 |
| വെറ്റിനറി സർജൻ | 7 | 5 | 2286000 | 1560990 | 68 |
| വി ഇ ഒ | 12 | 9 | 42350109 | 37664094 | 89 |
| ഐസിഡിഎസ് സൂപ്പർവൈസർ | 10 | 9 | 7207319 | 5852044 | 81 |
| ഹെഡ് മാസ്റ്റർ | 10 | 8 | 1438380 | 885006 | 62 |
| മെഡിക്കൽ ഓഫീസർ(PHC) | 11 | 10 | 4283740 | 1455118 | 34 |
| മെഡിക്കൽ | 11 | 10 | 1413440 | 1313440 | 93 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ(ആയുർവേദം) | | | | | |
| അസി. സെക്രട്ടറി | 7 | 6 | 5341050 | 1161050 | 22 |
| സബ് ഇൻസ്പെക്ടർ ഫിഷറീസ് | 1 | 1 | 1806800 | 96700 | 5 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| നം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1610270 | 2992030 | 4602300 | 4466964 | 135336 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 62496292 | 62496292 | 62496292 | |
| മെറ്റീരിയൽസ് | - | 10856460 | 10856460 | 10856460 | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 11880 | 10 |
| കർഷകതൊഴിലാളി പെൻഷൻ | 2144800 | 196 |
| വിധവാപെൻഷൻ | 13460500 | 1198 |
| വാർദ്ധക്യകാലപെൻഷൻ | 21657800 | 1951 |
| വികലാംഗപെൻഷൻ | 3469100 | 313 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17/12/21-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2961/-രൂപ (രണ്ടായിരത്തി തൊള്ളായിരത്തി അറുപത്തി ഒന്ന് രൂപ മാത്രം.)ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഓഫീസ് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിന് ജീവനക്കാരുടെ പ്രതിമാസ യോഗം എല്ലാമാസവും വിളിച്ചുചേർക്കുന്നുണ്ടെങ്കിലും പ്രവർത്തന വിലയിരുത്തൽ നടത്തിയിട്ടില്ല.ഓരോ ജീവനക്കാരനെയും ഏൽപ്പിക്കുന്ന ചുമതലകൾ കാര്യക്ഷമമായും ഫലപ്രദമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് സെക്ഷനുകളുടെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെങ്കിലും ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ട്.വിവിധ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. വാർഷിക കണക്കുമായി യോജിക്കുന്നില്ല

സർക്കാർ ഉത്തരവിനനുസരിച്ചുള്ള നികുതിയേതര വർദ്ധനവ് വരുത്തിയിട്ടില്ല.

സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തലവികസനത്തിനും സാമ്പത്തിക സുസ്ഥിരതക്കും നികുതിയേതരവർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ ,ചാർജ്ജുകൾ എന്നിവ 01-04-2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി സ.ഉ (അച്ചടി) 28/2019 ധന.തീയതി 08-03-2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു . എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ ഗ്രാന്റ് -ഇൻ എയ്ഡ് സ്ഥാപനങ്ങളും പുതുക്കിയ സേവനനിരക്കുകൾ വ്യക്തമാക്കി പ്രത്യേകം ഉത്തരവ് നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നതാണ് . ഇതനുസരിച്ച് മുപ്പൈനാട് ഗ്രാമപഞ്ചായത്തിൽ ഫീനിനങ്ങളിൽ വർദ്ധനവ് വരുത്തുകയോ ധന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഈ വിഷയം ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല .

വരുമാനം വർദ്ധനവിനായി സ്വീകരിച്ച നടപടികൾ

തനത് ഫണ്ട് ശുഷ്കമായ പഞ്ചായത്തിലെ നികുതി പിരിവ് പുരോഗതി സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും പുതിയ വരവിനങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രായോഗിക വിശകലനങ്ങൾ നടന്നിട്ടില്ല. ഗ്രാമപഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങളെ അടിസ്ഥാനമാക്കി സേവന ഉപനികുതി ഈടാക്കുന്നത് ഉൾപ്പെടെയുള്ള സാധ്യത പരിശോധിച്ചതായി കാണുന്നില്ല. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 5 ഏക്കർ കാപ്പിതോട്ടത്തിൽ നിന്നുള്ള ആദായം പിരിച്ചെടുക്കുന്നതിനുള്ള യാതൊരു ചർച്ചകളും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ നടത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.06.2019 മുതൽ 21.06.2019 വരെ | 2018-19 | 21.06.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.05.2018 | 2012 – 2017 | 23.05.2018 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

വയനാട് ജില്ലയിലെ മുപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ 20-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക ഭരണസമിതിയുടെ 03.07.2020 തിയ്യതിയിലെ 1/2020 നമ്പർ തീരുമാനപ്രകാരം ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളതാണ് വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1.2018-19 വർഷത്തെ കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി.) പി1-841/2019 നമ്പർ ഓഡിറ്റ് റിപ്പോർട്ടിൽ അനുബന്ധമായി ഉൾപ്പെടുത്തിയിരുന്ന വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ച് അറിയിച്ചിട്ടില്ല.

2.അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), അകൗണ്ടിംഗ് കുറിപ്പുകൾ എന്നിവ സമർപ്പിച്ചിട്ടില്ല.

3.പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ എല്ലാ ചെക്കുകളും കാലാവധി "കഴിഞ്ഞ ചെക്കുകൾ (Liability In Respect Of Stale Cheque)"എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.B9ഷെഡ്യൂള കാലാവധി കഴിഞ്ഞ ചെക്കുകൾ എന്ന ശീർഷകത്തിലേയ്ക്ക് 19,344/- രൂപയുടെ ചെക്കുകൾ മാത്രമേ മാറ്റിയിട്ടുള്ളൂ.

4.സ്റ്റോക്ക്,സ്റ്റോഴ്സ് എന്നിവയുടെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

5.തനത് ഫണ്ടിനൊപ്പം നിക്ഷേപിച്ചിട്ടുള്ള ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾക്ക് /സംയുക്ത പ്രോജക്റ്റിനുള്ള തുകകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6."Advance To Implementing Agencies" എന്ന ശീർഷകത്തിൽ 1,20,90,452/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ
വി ഇ ഒ യ്ക്ക് അനുവദിച്ചിട്ടുണ്ട്. ഈ തുകയിൽ 7,16,941/- രൂപ മുൻ വർഷം നൽകിയിട്ടുള്ളതാണ്.
തുക ക്രമീകരിച്ച് അറിയിക്കേണ്ടതാണ്

7. 350800119 എന്ന ഹെഡ്ഡിൽ 4,500/- രൂപ ബാദ്ധ്യതയായി കാണിച്ചിട്ടുണ്ട് ഈ തുക മുൻ വർഷങ്ങളിലും ബാദ്ധ്യതയായി കാണിച്ചിട്ടുണ്ട് തുക അഡ്ജസ്റ്റ് ചെയ്ത് അറിയിക്കേണ്ടതാണ്.

8.തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

9.കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)ജി) പ്രകാരം ആസ്തികകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള തേയ്മാനം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഡിപ്രീസിയേഷൻ തുക കണക്കാക്കിയതിനുള്ള വർക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

10.ലോൺ രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ലോൺ | വാർഷിക ധനകാര്യ പത്രിക പ്രകാരം | ലോൺ രജിസ്റ്റർ പ്രകാരം |
|---|---|---|
| ഓപ്പറേറ്റീവ് ബാങ്ക് ലോൺ | 2,40,99,432 | 4,03,56,967 |
| KURDFC ലോൺ | 5,11,68,000 | 5,92,60,000 |

11.ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

12.ഡേ ബുക്ക് അതത് ദിവസം പ്രിന്റ് എടുത്ത് ബൈൻഡ് ചെയ്ത് സൂക്ഷിക്കുന്നുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല(2020ഒക്ടോബർ വരെ). ഡേ ബുക്ക് ബൈൻഡ് ചെയ്തിരിക്കുന്നത് ക്രമപ്രകാരമല്ല.2020 ഏപ്രിൽ,മെയ്,ജൂൺ,ജൂലൈ മാസങ്ങളിലെ ഡേബുക്ക് ക്രമ പ്രകാരമല്ല ബൈൻഡ് ചെയ്ത് സൂക്ഷിച്ചിരിക്കുന്നത്.

13.സ്ഥാപനത്തിൽ വരുന്ന എല്ലാ ചെക്കുകളും ചെക്ക്&ഡ്രാഫ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

14.ചെക്ക്&ഡ്രാഫ്റ്റ് രജിസ്റ്ററിൽ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ഇനീഷ്യൽ ചെയ്യുന്നില്ല.

15.ബാങ്ക് അകൗണ്ടിലേക്ക് നേരിട്ട് വരവ് വന്ന തുക ഏത് വരവ് ഇനത്തിലാണെന്ന് തിരിച്ചറിയാൻ കഴിയാത്തതിനാൽ ബാലൻസ് ഷീറ്റിൽ ബാദ്ധ്യതയായി കാണിച്ചു-

ബാലൻസ് ഷീറ്റിന്റെ B9 ഷെഡ്യൂൾ പ്രകാരം 10,04,397/-രൂപ മറ്റ് ബാദ്ധ്യതകൾ (350800299)എന്ന ശീർഷകത്തിൽ കാണിച്ചിട്ടുണ്ട്. ഈ തുകയിൽ 6,02,398/-രൂപ മുൻ വർഷം മുതൽ ബാദ്ധ്യതയായി

കാണിച്ചിട്ടുള്ളതാണ്. ബാക്കി 4,01,999/- രൂപ ബാങ്കിലേക്ക് നേരിട്ട് വരവ് വന്ന തുകയാണ്. ഈ തുക ഏതിനത്തിലുള്ള വരവാണെന്ന് കണ്ടെത്തി അതത് ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

16.തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേരിലുള്ള എല്ലാ അകൗണ്ടുകളും വാർഷിക കണക്കിൽ പ്രതിഫലിച്ചിട്ടില്ല:-

സർക്കാർ ഉത്തരവ് നം.80/20ധന തിയ്യതി.28/07/2020ലെ ഖണ്ഡിക 3.3 പ്രകാരം കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള സംഭാവനകളും സംസ്ഥാനയ ദുരന്ത നിവാരണ ഫണ്ടുകളും സ്വീകരിക്കുന്നതിന് മാത്രമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ 31/03/21 തിയ്യതിവരെ മാത്രം കാലാവധിയുള്ള പലിശ രഹിത എസ് ടി എസ് ബി അകൗണ്ട് തുടങ്ങാൻ ഉത്തരവായിരുന്നു.ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടങ്ങിയ ട്രഷറി CFLTC അകൗണ്ട് (നം.799011400006136 )ൽ സാമ്പത്തീക വർഷാവസാനം 3,75,000/-രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക വാർഷിക കണക്കിൽ പ്രതിഫലിച്ചിട്ടില്ല.

17.നിർവ്വഹണ ഉദ്യോഗസ്ഥരുടെ അകൗണ്ടിൽ നീക്കിയിരുപ്പുള്ള പണത്തിന്റെ വിവരങ്ങൾ വാർഷിക കണക്കിൽ പ്രതിഫലിച്ചിട്ടില്ല:-

31/03/21 തിയ്യതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ അകൗണ്ടിലെ തുകകളുടെ നീക്കിയിരിപ്പ് വിവരം ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അകൗണ്ട് നം | നീക്കിയിരിപ്പ് തുക |
|---|---|---|
| വെറ്റിനറി സർജ്ജൻ | 40231100108160 | 8,213/- |
| ഹെഡ് മാസ്റ്റർ | 40231100109358 | 3,963/- |
| ഐ സി ഡി എസ് സൂപ്പർവൈസർ | 40231100107359 | 22,824/- |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 40231100108731 | 9,595/- |
| മെഡിക്കൽ ഓഫീസർ അലോപ്പതി | 130171201020012 | 1,08,474/- |

18.റിക്കൺസീലിയേഷൻ പത്രിക പ്രകാരം തനത് ഫണ്ട് സൂക്ഷിക്കുന്ന കേരള ഗ്രാമീൺബാങ്ക് അകൗണ്ടിലെ നീക്കിയിരുപ്പ് തുക വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല . വിശദ വിവരം ചുവടെ കൊടുക്കുന്നു.

| വാർഷിക ധനകാര്യ പത്രിക പ്രകാരം A | റിക്കൺസിലിയേഷൻ/ബാങ്ക് ബുക്ക് പ്രകാരം B | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം | വ്യത്യാസം (A-B) |
|---|---|---|---|
| 1,64,53,265 | 1,04,95,849 | 1,80,36,159 | 59,57,416 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി റിക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് മാറിവെച്ചതുകൊണ്ടാണ് അപാകത സംഭവിച്ചതെന്നാണ് അറിയിച്ചിട്ടുള്ളത്. വിഷയത്തിൽ മേൽ പരിശോധന നടത്തേണ്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

19.ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ 1-6, വിവിധ ഗ്രാന്റ് ഇനങ്ങളിലുള്ള എ സി ആറുകളുമായി പൊരുത്തപ്പെടുന്നില്ല.

20.തനത് ഫണ്ട് സൂക്ഷിക്കുന്ന കേരള ഗ്രാമീൺബാങ്ക് അകൗണ്ടിൽ നിന്നും 19,600/- രൂപ TDS ഇനത്തിൽ കുറവ് വന്നിട്ടുണ്ട്. ഈ തുക തിരികെ പിടിച്ച് അറിയിക്കേണ്ടതാണ്.

21.തനത് ഫണ്ട് സൂക്ഷിക്കുന്ന കേരള ഗ്രാമീൺബാങ്ക് അകൗണ്ടിന്റെ ബാങ്ക് റിക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 4870/- രൂപ ഡയറക്ട്ലി ഡെബിറ്റഡ് ബൈ ബാങ്ക് ഇനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്.ബാങ്ക് ചാർജ്ജ് ഇനത്തിൽ കുറവ് വരുത്തിയ ഈ തുക തിരികെ ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

22.21/07/2020 തിയ്യതിയിൽ 3085/-രൂപ കളക്ഷനുണ്ടെങ്കിലും 2655/- രൂപ മാത്രമേ ബാങ്കിൽ അടവാക്കിയിട്ടുള്ളൂ. കുറവു വന്ന 430/- രൂപ ക്യാൻസൽ ചെയ്യേണ്ട രസീതിയാണെന്നും ക്യാൻസലേഷനുവേണ്ടി ഐ കെ എം നെ അറിയിച്ച് അപാകത പരിഹരിച്ചിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കേണ്ടതാണ്.

23.12/10/2020 തിയ്യതിയിൽ 49,000/-രൂപ തനത് വരുമാനം സൂക്ഷിക്കുന്ന അകൗണ്ടിൽ വരവ് വന്നിട്ടുണ്ട് ഈ തുക ഏതിനത്തിലുള്ളതാണെന്നതിന് വിശദീകരണം നൽകേണ്ടതാണ്.

24.23/10/20തിയ്യതിയിൽ വിവിധ വരവിനങ്ങളിലായി 26,518/- രൂപ വരവുണ്ടെങ്കിലും 25,320/- രൂപ മാത്രമേ അന്നേദിവസം ബാങ്കിൽ അടവാക്കിയിട്ടുള്ളൂ.ബാക്കി 1198/-രൂപ 27/10/20 തിയ്യതിയിലാണ് ഒടുക്കുവരുത്തിയിട്ടുള്ളത്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

25.ഡേ ബുക്ക് പ്രകാരം വിവിധ വരവിനങ്ങളിലായി പഞ്ചായത്ത് ഫണ്ടിൽ 25/01/21 തിയ്യതിയിൽ അടവ് വന്ന 19,301/- രൂപ 27.04.2021 തിയ്യതിയിലാണ് ഒടുക്കുവരുത്തിയത്.

അപാകതയ്ക്ക് വിശദീകരണം ചോദിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടിയായി ബാങ്കിനു പറ്റിയ ക്ലറിക്കൽ മിസ്റ്റേക്കാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഇത്തരത്തിലുള്ള അപാകതകൾ അതത് ദിവസങ്ങളിൽ തന്നെ കണ്ടെത്തി പരിഹരിക്കേണ്ടതാണ് .

26. ജേണൽ ബുക്ക് ഓഡിറ്റിന് ഹാജരാക്കിയില്ല.

27.കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം5(3) പ്രകാരം Cash Book ദൈനംദിനം പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

28.ദൈനംദിനം രസീത് റദ്ദാക്കൽ പത്രിക പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

29.വിവിധ വരവിനങ്ങളുടെ ഡി.സി.ബി രജിസ്റ്റർ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ വരവിനങ്ങളുടെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

30.ബാങ്ക് റീ കൺസീലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല-

എല്ലാ ബാങ്ക് അക്കൌണ്ടുകളുടെയും ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ്,ബാങ്ക് പാസ്സ്ബുക്ക്/സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുമായി പ്രതിമാസം പൊരുത്തപ്പെടുത്തി,സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| അകൗണ്ടിന്റെ പേര് | വാർഷിക ധനകാര്യ പത്രിക | ബാങ്ക് ബുക്ക് | ബാങ്ക് പാസ് ബുക്ക് |
|---|---|---|---|
| KGB ലൈഫ് മിഷൻ അകൗണ്ട് | 47,44,297 | -2,20,49,396 | 53,87,300 |
| SBI E Payment അകൗണ്ട് | 11,32,214 | തയ്യാറാക്കിയിട്ടില്ല | 10,73,978 |

31.EMDരജിസ്റ്ററിൽ തുക രേഖപ്പെടുത്താത്തതിനാൽ തൻ വർഷം EMD ഇനത്തിൽ എത്ര രൂപ പിരിഞ്ഞു കിട്ടിയെന്നോ എത്ര രൂപ തിരികെ നൽകിയെന്നോ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

32.Sale Of Tender Form രജിസ്റ്ററിൽ വർഷം തിരിച്ച് ടെൻഡർ ഫോം ഇനത്തിലെ വരവ് എഴുതി

സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ ടെൻഡർ ഫോം ഇനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

34.സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല -

ഉദാ- വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.ഡിമാന്റ് എൻട്രിക്ക് ആശ്രയിക്കാവുന്ന /സാധൂകരിക്കുന്ന രജിസ്റ്റർ ഇല്ല.വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുകയോ സാമ്പത്തീക വർഷാവസാനം സഞ്ചയയിൽ നിന്ന് പ്രിന്റ് എടുത്ത് സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

35.സ്ഥിര നിക്ഷേപ രസീതികളുടെ ഭൗതീക പരിശോധനയിൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B12 പ്രകാരമുള്ള സ്ഥിര നിക്ഷേപ കണക്കുമായി പൊരുത്തപ്പെടുന്നില്ലെന്ന് കണ്ടെത്തി. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| വാർഷിക ധനകാര്യ പത്രിക പ്രകാരം | ഭൗതീക പരിശോധനയിൽ കണ്ടെത്തിയത് | വ്യത്യാസം |
|---|---|---|
| 56,86,741 | 56,07,400 | 79,341 |

36.ബാലൻസ് ഷീറ്റിന്റെ B9 ഷെഡ്യൂളിലെ റീ ഫണ്ട് പേയബിൾ ടു അദേഴ്സ് എന്ന ശീർഷകത്തിൽ (350409901) 30,000/-രൂപ ബാദ്ധ്യതയായി കാണിച്ചിട്ടുണ്ട്. സെക്യേർഡ് ലോൺ ഇനത്തിലുള്ള ഈ തുക ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

38.കൃഷി ഓഫീസർ നടപ്പാക്കിയ സമഗ്ര പുരയിട കൃഷി എന്ന പദ്ധതിയ്ക്ക് വേണ്ടി 18,17,750/- രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ചെലവ് കാണിച്ചിട്ടില്ല.
39. ഫിഷറീസ് സബ് ഇൻസ്പെക്ടർ നടപ്പാക്കിയ ബയോഫ്ലോക്ക് പദ്ധതിയ്ക്കുവേണ്ടി സംസ്ഥാനാവിഷ്കൃ ഫണ്ടും ഗുണഭോക്തൃ വിഹിതവും വകയിരുത്തി ചെലവ് നടത്തിയിട്ടുണ്ടെങ്കിലും ഈ തുകയുടെ ചെലവ് കാണിച്ചിട്ടില്ല.

40.തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേരിലുള്ള ബാങ്ക് അകൗണ്ടുകളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B17 പ്രകാരം വയനാട് ജില്ലാ സഹകരണ ബാങ്കിൽ 2,83,328/- രൂപ ബാലൻസ് ഉണ്ട് എന്നാൽ ഈ അകൗണ്ടിന്റെ ബാങ്ക് പാസ് ബുക്ക്, ബാങ്ക് ബുക്ക്,റിക്കൺസീലിയേഷൻ എന്നിവ ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 11 /2020-21തീയതി 29.12.2021) വിശദീകരണം നൽകിയിട്ടുണ്ട്.
പരിഹരിക്കാൻ ബാക്കിയുള്ള അപാകതകൾ
പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-12 രസീതി ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2020-21 സാമ്പത്തീക വർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് തനതു വരുമാന രസീതികളുടെയും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ രസീതു ബുക്കുകളുടെയും പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുവദിച്ചു കൊടുത്ത രസീതി ബുക്കുകൾ അതത് വർഷം തദ്ദേശ സ്വയം ഭരണ സ്ഥാപനം തിരികെ വാങ്ങി സൂക്ഷിക്കുന്നില്ല :-

ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | രസീതി ബുക്ക് നം. |
|---|---|

| | |
|---|---|
| എ ഇ | 1126,24/07/20 |
| കൃഷി ഓഫീസർ | 1127,04/09/20 |
| വെറ്റിനറി സർജ്ജൻ | 1128,02/11/20 |

2.പണം പിരിവിലെയും ഒടുക്കിലെയും അപാകതകൾ :-

A)27/01/20 തിയ്യതിയിൽ 1,53,720/- രൂപ വിവിധ വരവിനങ്ങളിലായി വരവുണ്ടെങ്കിലും 28/01/20 തിയ്യതിയിൽ 1,53,270/-രൂപ മാത്രമേ തനതുവരുമാനം സൂക്ഷിക്കുന്ന അകൗണ്ടിൽ ഒടുക്ക് വരുത്തിയിട്ടുള്ളൂ. അടവിൽ 450/- രൂപയുടെ കുറവുണ്ട്.

B)21/07/2020 തിയ്യതിയിൽ 3085/-രൂപ കളക്ഷനുണ്ടെങ്കിലും 2655/- രൂപ മാത്രമേ ബാങ്കിൽ അടവാക്കിയിട്ടുള്ളൂ. കുറവു വന്ന 430/- രൂപ അടവാക്കി അറിയിക്കേണ്ടതാണ്.

C)12/10/2020 തിയ്യതിയിൽ 49,000/-രൂപ തനത് വരുമാനം സൂക്ഷിക്കുന്ന അകൗണ്ടിൽ വരവ് വന്നിട്ടുണ്ട് ഈ തുക ഏതിനത്തിലുള്ളതാണെന്നതിന് വിശദീകരണം നൽകേണ്ടതാണ്.

D)23/10/20തിയ്യതിയിൽ വിവിധ വരവിനങ്ങളിലായി 26,518/- രൂപ വരവുണ്ടെങ്കിലും 25,320/- രൂപ മാത്രമേ അന്നേദിവസം ബാങ്കിൽ അടവാക്കിയിട്ടുള്ളൂ.ബാക്കി 1198/-രൂപ 27/10/20 തിയ്യതിയിലാണ് ഒടുക്കുവരുത്തിയിട്ടുള്ളത്.

E)ഡേ ബുക്ക് പ്രകാരം വിവിധ വരവിനങ്ങളിലായി പഞ്ചായത്ത് ഫണ്ടിൽ 25/01/21തിയ്യതിയിൽ അടവ് വന്ന 19,301/- രൂപ തനത് വരുമാനം സൂക്ഷിക്കുന്ന അകൗണ്ടിൽ 27/04/21 തിയ്യതിയിലാണ് ഒടുക്കുവരുത്തിയത്.

3.രസീതി ബുക്കിൽ സെക്രട്ടറി സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല :-

കെ ടി സി വോല്യം I ആർട്ടിക്കിൾ 92(b) കുറിപ്പ് 2 പ്രകാരം ഓരോ രസീതി ബുക്കും ലഭ്യമായ ഉടൻ സൂക്ഷ്മമായി പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ചുവടെ കൊടുത്തിരിക്കുന്ന രസീതി ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.

| രസീതി ബുക്ക് നം. | ഇഷ്യൂ ചെയ്ത തിയ്യതി |
|---|---|
| 1130 | 22/02/21 |
| 1126 | 24/07/20 |
| 33301 | 24/09/19 |

4.സെക്രട്ടറിയുടെ അനുമതിയില്ലാതെ മാന്വൽ രസീതി ബുക്കുകൾ ക്യാൻസൽ ചെയ്യുന്നു :-

ക്യാൻസൽ ചെയ്യുന്ന രസീതി ലീഫുകൾ സെക്രട്ടറി ഇനീഷ്യൽ ചെയ്യേണ്ടതാണ്.എന്നാൽ സാംഖ്യ സ്റ്റേഷനറികൾ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലില്ലാതെ ക്യാൻസൽ ചെയ്തിട്ടുണ്ട്.ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| രസീതി ബുക്ക് നം. | രസീതി ലീഫ് നം. |
|---|---|
| 1139 | 10 മുതൽ 28 വരെ |
| 1132 | 44, 93, |
| 1138 | 19 |

5.കളക്ഷൻ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല :-

ചുവടെ കൊടുത്തിരിക്കുന്ന രസീതി ബുക്കുകളുടെ കളക്ഷൻ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| രസീതി ബുക്ക് നം. | രസീതി ബുക്ക് കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|

| | |
|---|---|
| 33300,33303,33308,33309 | അനിൽ പ്രസാദ് |
| 33313 | അരുൺ കുമാർ സി എസ് |

6.സാംഖ്യ സ്റ്റേഷനറികളിൽ പേന ഉപയോഗിച്ച് എഴുതി രസീതി നൽകുന്നു :-

18/03/21 തിയ്യതിയിൽ രസീതി ബുക്ക് നം.1132ലെ 25 മുതൽ 60 വരെയായി 11,154/-രൂപ വസ്തു നികുതിയിനത്തിൽ പിരിച്ചെടുത്ത് 0695184 നം.സാംഖ്യ സ്റ്റേഷനറിയിൽ 120030104437 നം.രസീതി ഇഷ്യൂ ചെയ്തിട്ടുണ്ട്. മെഷീൻ നമ്പറിട്ട് മാത്രം പുറപ്പെടുവിക്കേണ്ട രസീതിയിൽ പേന ഉപയോഗിച്ച് നമ്പറിട്ട് നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

7.ഉപയോഗിക്കാത്ത മാന്വൽ രസീതി ബുക്കുകൾ തിരികെ വാങ്ങി റീ ഇഷ്യൂ ചെയ്യുന്നില്ല :- ഉദാ:-

2020-21 സാമ്പത്തീക വർഷം ഹെഡ്മാസ്റ്റർക്ക് ഇഷ്യൂ ചെയ്ത രസീതി ബുക്ക് നം. 1130 ലെ ഒരു രസീതി ലീഫ് പോലും ഉപയോഗിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ കൈവശം സൂക്ഷിച്ചിട്ടുണ്ട്. രസീതി ബുക്കുകൾ അതത് സാമ്പത്തീക വർഷം തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്.

8.സെക്രട്ടറിയുടെ അനുമതിയില്ലാതെ സാംഖ്യ രസീതികൾ ക്യാൻസൽ ചെയ്യുന്നു :-

ക്യാൻസൽ ചെയ്ത രസീതികൾ സെക്രട്ടറിയോ മറ്റ് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തുന്നില്ല.ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

5609119,5609131,5609132,5610047, 5609028,5608971,5609028

അപാകതകൾ ചൂണ്ടിക്കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം. 07/2019-20,20-21/ 27.12.2021) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.മറുപടി തൃപ്തികരമാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ഗ്രാമപഞ്ചായത്തിന്റെ പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

പഞ്ചായത്തിന്റെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ഡിമാന്റ് നോട്ടീസ് അയക്കുകയോ ചെയ്തിട്ടില്ല.1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരർദ്ധവർഷം തൊഴിൽ നികുതി കൊടുക്കുന്നതിന് ബദ്ധ്യസ്ഥനോ, ബാധ്യസ്ഥരോ ആണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം അങ്ങനെയുള്ള കമ്പനിയോട്/ആളോട് തുടർന്നുള്ള അർദ്ധവർഷത്തിൽ ഫോറം VI ലുള്ള നോട്ടീസ് പ്രകാരം 15 ദിവസത്തിനുള്ളിൽ റിട്ടേൺ സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകേണ്ടതായിരുന്നു. അതുപോലെത്തന്നെ മേൽ ചട്ടങ്ങളിൽ ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിയ്ക്ക് തൊഴിലുടമയോട് സ്ഥാപനത്തിൽ ജോലിചെയ്യുന്ന എല്ലാവരുടേയും പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റ്, വരുമാനത്തെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഹിതം നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതാണ്. LSGD എൻജിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന 13 അംഗീകൃത കരാറുകാർ ഉണ്ട്. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശ്ശം ഉണ്ടായിട്ടും നാളിതുവരെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കൂടാതെ വാർഷിക കണക്കും ഡിമാന്റ് രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുത്തി വാർഷിക സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കരാറുകാരിൽ നിന്നുള്ള തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നായ തൊഴിൽനികുതി പൂർണ്ണമായും ഈടാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു .

## 1-14 വസ്തു നികുതിയിനത്തിൽ കുടിശ്ശിക വർദ്ധിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിന്റെ മുഖ്യ ശ്രോതസ്സായ വസ്തു നികുതിയിനത്തിൽ കുടിശ്ശിക വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. അതത് സാമ്പത്തീക വർഷങ്ങളിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും വസ്തു നികുതിയിനത്തിലുള്ള ഡി സി ബി വിവരങ്ങൾ പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കുടിശ്ശിക വിവരം ചുവടെ കൊടുക്കുന്നു.

| 2018-19(വാർഷിക | 2019-20(വാർഷിക | 2020-21(വാർഷിക |
|---|---|---|

| ധനകാര്യപത്രിക പ്രകാരം) | ധനകാര്യപത്രിക പ്രകാരം) | ധനകാര്യപത്രിക പ്രകാരം) |
|---|---|---|
| 362152 | 7,36,961 | 5,51,320 |

2020-21 സാമ്പത്തീക വർഷാവസാനം കുടിശ്ശികയിനത്തിൽ 5,51,320/- രൂപ പിരിച്ചെടുക്കാനുണ്ട്. വസ്തു നികുതിയിനത്തിലുള്ള കുടിശ്ശിക പിരിച്ചെടുക്കാത്തതിന് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക പിരിച്ചെടുത്ത് അറിയിക്കേണ്ടതാണ്.

## 1-15 പുതിയ കെട്ടിടങ്ങളെ ഡിമോളിഷ്ഡ് ബിൽഡിംഗ് കാറ്റഗറിയിൽപ്പെടുത്തി നികുതി ഒഴിവാക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചുവടെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾ പുതിയ അസസ്സ്മെന്റിൽ ഉള്ളതാണെങ്കിലും പൊളിച്ചുകളഞ്ഞ കെട്ടിടങ്ങൾ എന്ന കാറ്റഗറിയിൽപ്പെടുത്തി നികുതി ഒഴിവാക്കിയിട്ടുണ്ട്.

| Current_Year_Door_No | OwnerName | Assessmnet_Type | BuildingUsage | DemolishedPeriod |
|---|---|---|---|---|
| 485 | ടി ജെ ചെറിയാൻ | Plinth Area (2013) | പാർപ്പിടാവശ്യം | 20121 |
| 486 | ടി ജെ ചെറിയാൻ | Plinth Area (2013) | പാർപ്പിടാവശ്യം | 20121 |
| 487 | ടി ജെ ചെറിയാൻ | Plinth Area (2013) | പാർപ്പിടാവശ്യം | 20121 |
| 47 | സൈതലവി | New Building (Form 6) | പാർപ്പിടാവശ്യം | 20131 |
| 315 | ഹംസ | New Building (Form 6) | പാർപ്പിടാവശ്യം | 20141 |
| 202 | നജ്മുന്നീസ | New Building (Form 6) | പാർപ്പിടാവശ്യം | 20191 |
| 77 | ഇന്ദിര | New Building (Form 6) | പാർപ്പിടാവശ്യം | 20191 |
| 92 | ഇസ്മയിൽ | New Building (Form 6) | പാർപ്പിടാവശ്യം | 20191 |

| | | | | |
|---|---|---|---|---|
| 171 | നൂർജഹാൻ | New Building (Form 6) | പാർപ്പിടാവശ്യം | 20151 |
| 171 | നൂർജഹാൻ | New Building (Form 6) | പാർപ്പിടാവശ്യം | 20151 |
| 3 | ഹാജിറ | New Building (Form 6) | പാർപ്പിടാവശ്യം | 20171 |
| 240 | കാദർ | New Building (Form 6) | പാർപ്പിടാവശ്യം | 20182 |
| 345 | അഷറഫ് | New Building (Form 6) | പാർപ്പിടാവശ്യം | 20191 |
| 367 | ജാക് സൺലോബോ എൽസിലോബോ | New Building (Form 6) | പാർപ്പിടാവശ്യം | 20181 |
| 164 | ഷെരീഫ്. ടി | New Building (Form 6) | പാർപ്പിടാവശ്യം | 20182 |
| 229 | അസ്കറലി | New Building (Form 6) | പാർപ്പിടാവശ്യം | 20181 |
| 16 | അഷറഫ് | New Building (Form 6) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 20211 |
| 683 | രാമചന്ദ്രന് | New Building (Form 6) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 20211 |
| 622 | നൌഷാദ് | New Building (Form 6) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 20181 |
| 279 | പൗലോസ് | New Building (Form 6) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 20201 |
| 200 | ഉമ്മർ | New Building (Form 6) | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 20171 |
| 374 | സോണി | New Building (Form 6) | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 20191 |

| | | | | |
|---|---|---|---|---|
| 444 | സുഭദ്ര വി സി | New Building (Form 6) | സ്വകാര്യ ഹോസ്റ്റൽ , ഹോംസ്റ്റേ | 20172 |

വിശദീകരണം ചോദിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എന്ക്വയറിയ്ക്ക്(നം. 16/2020-21തീയതി 03.01.2022) മറുപടിയായി മേൽ കെട്ടിടങ്ങൾ പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളല്ലെന്നും നമ്പർ അനുവദിച്ച സമയത്ത് തെറ്റായി വിവരങ്ങൾ ചേർത്തുപോയതിനാൽ സോഫ്റ്റ്‌വെയറിൽ നിന്നും ഒഴിവാക്കുന്നതിന് വേണ്ടി ഡിമോളിഷ് ചെയ്തതാണെന്നും മേൽ കെട്ടിടങ്ങളെ ശരിയായ രീതിയിൽ രേഖപ്പെടുത്തി നികുതിയോടു കൂടി നില നിർത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തിയാൽ ആയത് പ്രത്യക ഫയലിൽ രേഖപ്പെടുത്തി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അനുമതിയോടു കൂടി ഐ കെ എം നെ അറിയിച്ച് സോഫ്റ്റ്‌വെയറിൽ നിന്നും ഒഴിവാക്കേണ്ടതിനു പകരം ഡിമോളിഷ്ഡ് ബിൽഡിംഗിലേക്ക് മാറ്റിയതിന് വിശദീകരണം നൽകേണ്ടതും അപാകത പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-16 ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് സൂക്ഷിക്കുന്ന അകൗണ്ടിൽ നിന്ന് TDS ഇനത്തിൽ 17558/-രൂപ കുറവ് വരുത്തി.

ഗ്രാമപഞ്ചായത്തിന്റെ 2021 മാർച്ച് മാസത്തിലെ ബാങ്ക് റിക്കൺസീലിയേഷൻ പത്രിക പ്രകാരം 28/02/2020 തിയ്യതിയിൽ 3,377/-രൂപയും 31/03/21 തിയ്യതിയിൽ 14,181/- രൂപയും TDS ഇനത്തിൽ ബാങ്ക് കുറവു വരുത്തിയതായി കാണുന്നു. TDS ഇനത്തിൽ ബാങ്ക് കുറവ് വരുത്തിയ തുക തിരികെ അകൗണ്ടിൽ വരവ് വരുത്തി അറിയിക്കേണ്ടതും. 28/02/2020 തിയ്യതിയിൽ 3,377/-രൂപ അകൗണ്ടിൽ നിന്ന് കുറവ് വരുത്തിയത് 2019-20 സാമ്പത്തീകവർഷത്തെ അകൗണ്ടിൽ പ്രതിഫലിക്കാതെ 2020-21 വർഷത്തെ അകൗണ്ടിൽ നിന്നും കുറവ് വരുത്തിയതിന് വിശദീകരണം നൽകേണ്ടതുമാണെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 10/20-21/ 28.12.2021)മറുപടിയായി TDS ഇനത്തിൽ ബാങ്ക് കുറവ് വരുത്തിയ തുക തിരികെ അകൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് ബാങ്കിനെ ചുമതലപ്പെടുത്തിയതായി അറിയിച്ചിട്ടുണ്ട്.തുക അകൗണ്ടിൽ വരവ് വെച്ച് അറിയിക്കേണ്ടതാണ്.

## 1-17 നിർവ്വഹണ ഉദ്യോഗസ്ഥ അകൗണ്ടിംഗ് ചട്ടപ്രകാരം ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല.

ജി ഒ (പി) 177/2006 തിയ്യതി 12.04.2006, 18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ ടി ആർ 7 എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവ് ചെലവ് വിവരം രേഖപ്പെടുത്തണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ സി ഡി എസ് സൂപ്പർവൈസർ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നുണ്ടെങ്കിലും ചുവടെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1.പണത്തിന്റെ മുന്നിരിപ്പ് /നീക്കിയിരുപ്പ് രേഖപ്പെടുത്തുന്നില്ല -

ക്യാഷ് ബുക്ക് പ്രകാരം 14/01/2020തിയ്യതിയിൽ 21,260/-രൂപ നീക്കിയിരിപ്പുണ്ട്.എന്നാൽ അടുത്ത പണമിടപാട് നടന്ന തിയ്യതി മുതൽ(21/02/20) പണത്തിന്റെ മുന്നിരിപ്പ്/നീക്കിയിരുപ്പ് കാണിച്ചിട്ടില്ല.

2.ക്യാഷ് ബുക്ക് അതത് ദിവസം ക്ലോസ് ചെയ്ത് സൂക്ഷിക്കുന്നില്ല .

3.ക്യാഷ് ബുക്കിലെ ഇടപാടുകൾ മാസക്രമത്തിലല്ല രേഖപ്പെടുത്തി യിരിക്കുന്നത് -

2020 നവംബർ മാസത്തിലെ ഇടപാടുകൾക്ക് ശേഷം സെപ്റ്റംബർ മാസത്തിലെ ഇടപാടുകളാണ് കാണിച്ചിരിക്കുന്നത്.

4.ട്രഷറിയിൽ നിന്നും പിൻവലിച്ച പണത്തിന്റെ വരവ് പണം പിൻവലിക്കുന്ന തിയ്യതിയ്ക്ക് മുൻപായി ക്യാഷ്ബുക്കിൽ രേഖപ്പെടുത്തുന്നു .

ഉദാ.ബിൽ നം.6/20-21 പ്രകാരം 290,344/- രൂപ 20/08/20 തിയ്യതിയിലാണ് പിൻ വലിച്ചതെങ്കിലും 19/10/20 തിയ്യതിയിൽ വരവായി കാണിച്ചിട്ടുണ്ട്.

5.ക്യാഷ് ബുക്കിന്റെ വരവ് ഭാഗത്ത് ഏതിനത്തിലുള്ള വരവാണെന്നോ പ്രൊജക്ടിന്റെ വിവരങ്ങളോ കാണിക്കുന്നില്ല .

6.ട്രഷറിയിൽ നിന്നും പിൻ വലിച്ച തുകയുടെ വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടി ല്ല-

ഉദാ.13/01/2021 തിയ്യതിയിൽ അംഗൺവാടി പോഷകാഹാരം (SCP) ഇനത്തിൽ 4,00,000/-രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ചിട്ടുണ്ടെങ്കിലും ഈ തുക സംബന്ധിച്ച് ക്യാഷ്ബുക്കിൽ രേഖപ്പെടുത്തലുകളില്ല.കേന്ദ്രവിഹിത ഇനത്തിൽ ലഭിച്ച തുകകളുടെ വിവരങ്ങൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

7.ട്രഷറിയിൽ നിന്നും പിൻ വലിച്ച തുകയുടെ വരവ് രേഖപ്പെടുത്താതെ ചെലവ് മാത്രം രേഖപ്പെടുത്തിയിട്ടുണ്ട് -

ട്രഷറിയിൽ നിന്നും 19/06/2020 തിയ്യതിയിൽ 4,12,858/-രൂപ പിൻവലിച്ചിട്ടുണ്ടെങ്കിലും ഈ തുകയുടെ വരവ് രേഖപ്പെടുത്താതെ ചെലവ് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

8.ക്യാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുത്തിയിട്ടില്ല -

ഐ സി ഡി എസ് സൂപ്പർവൈസറുടെ പേരിലുള്ള കെ ജി ബി അക്കൗണ്ട്

(നം.40231100107359) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31/03/21 തിയ്യതിയിൽ 22,824/-രൂപ നീക്കിയിരിപ്പുണ്ട് എന്നാൽ ക്യാഷ്ബുക്ക് പ്രകാരം നീക്കിയിരിപ്പില്ല. ഇവ തമ്മിലുള്ള വ്യത്യാസം വിശദീകരിക്കുന്ന റിക്കൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

അപാകത പരിഹരിച്ച് ക്യാഷ് ബുക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറി(നം. 02/2020-21/ 27.12.2021)യെ തുടർന്ന് ക്യാഷ് ബുക്കിലെ അപാകത പരിഹരിച്ച് ഹാജരാക്കിയിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ഐ സി ഡി എസ് സൂപ്പർവൈസർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായും പദ്ധതി ലക്ഷ്യങ്ങൾക്ക് വിരുദ്ധമായും പദ്ധതി നടപ്പാക്കി

മുപ്പൈനാട് ഗ്രാമപഞ്ചായത്തിലെ വനിതകൾക്കിടയിൽ ശാക്തീകരണം നടത്തുന്നതിനു വേണ്ടി ഐ സി ഡി എസ് സൂപ്പർവൈസർ 'ജൻഡർ റിസോഴ്സും അനുബന്ധ പ്രവർത്തനങ്ങളും' എന്ന പേരിൽ പദ്ധതി നിർവ്വഹണം നടത്തി. പദ്ധതിയിലൂടെ പ്രൊജക്ട് ലക്ഷ്യത്തിലും മാർഗ്ഗരേഖയിലും പറഞ്ഞിട്ടില്ലാത്ത സ്ത്രീകൾക്ക് മെൻസ്ട്രൽ കപ്പ് എന്ന

പദ്ധതിയാണ് നടപ്പിലാക്കിയത്. വിശദവിവരം ഖണ്ഡിക 3-2 ൽ കൊടുക്കുന്നു.

## 1-19 അംഗൺവാടി പോഷകാഹാരം പദ്ധതിക്കുവേണ്ടി വിവിധ അങ്കണവാടികളിൽ പോഷകാഹാരം വിതരണം ചെയ്യുന്നതിനായി ക്വട്ടേഷൻ കൂടാതെ വാഹനം വാടകക്കെടുത്തു.

2020-21 സാമ്പത്തീക വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ അങ്കണവാടി പോഷകാഹാരം പദ്ധതിക്കുവേണ്ടി വിവിധ അങ്കണവാടികളിൽ പോഷകാഹാരം വിതരണം ചെയ്യുന്നതിനായുള്ള വാഹന വാടകയിനത്തിൽ സെന്റ് മേരീസ് ട്രാൻസ്പോർട്ട് എന്ന സ്ഥാപനത്തിന് പണം നൽകിയിട്ടുണ്ട്. എന്നാൽ വാഹന വാടക ക്വട്ടേഷൻ വിളിക്കാതെയാണ് ഈ സ്ഥാപനത്തെ പോഷകാഹാര വിതരണത്തിന് ചുമതലപ്പെടുത്തിയിരിക്കുന്നത്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 03/2020-21/ 27.12.2021)മറുപടിയായി ക്വട്ടേഷൻ കൂടാതെയാണ് വാഹനം വാടകയ്ക്കെടുത്തതെന്നും വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 സംയുക്തപരിശോധനയില്ലാതെ പൊതുടാപ്പുകളുടെ വെള്ളക്കരം അടക്കുന്നു.

ഓഡിറ്റ് വർഷം സെക്രട്ടറിയുടെ പ്രോജക്ട് പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു .

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 68 പൊതുടാപ്പുകൾ ഉണ്ടെന്ന് രജിസ്റ്ററിൽ കാണുന്നു.ആയതിന് തുക വാട്ടർഅതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം ഒരു ടാപ്പിന് 5250 രൂപ നിരക്കിൽ താഴെപ്പറയും പ്രകാരം അടവാക്കിയിട്ടുണ്ട്.

| പ്രോജക്ട് വിവരങ്ങൾ | ബിൽ നം/തിയ്യതി | തുക |
|---|---|---|
| പ്രോജക്ട് നം-3/20-21<br>അടങ്കൽ-357000<br>ചെലവ്-327250<br>ഫണ്ട്- മെയിന്റനൻസ് ഗ്രാന്റ്. | 2/28-4-2020 | 29750 |
| | 7/27-5-2020 | 29750 |
| | 11/24-6-2020 | 29750 |
| | 14/19-08-2020 | 29750 |
| | 18/5-1-2020 | 29750 |
| | 19/5-1-2020 | 29750 |
| | 21/22-10-2020 | 29750 |

| | | |
|---|---|---|
| | 24/4-12-2020 | 29750 |
| | 29/18-1-2021 | 29750 |
| | 32/15-3-2021 | 29750 |
| | 36/23/3/2021 | 29750 |
| | ആകെ | 327250 |

എന്നാൽ ടാപ്പുകളുടെ സംയുക്തപരിശോധന നടത്തിയത് 9-2-2016 ലാണ്.യഥാർത്ഥത്തിൽ എത്ര ടാപ്പുകൾ പ്രവർത്തനക്ഷമമാണ്,മേൽതുക യഥാർത്ഥത്തിൽ നല്കേണ്ടതാണോ എന്നത് പരിശോധിച്ചിട്ടില്ല.ഡിമാന്റ് നോട്ടീസിൽ താഴെ പ്പറയും പ്രകാരം പിഴ ചുമത്തിയതായി കാണുന്നു.

| മാസം | പിഴ |
|---|---|
| 4/20 | 560 |
| 7/20 | 680 |
| 8/20 | 693 |
| 9/20 | 707 |
| 10/20 | 1316 |
| 1/21 | 1409 |
| 3/21 | 1466 |
| ആകെ | 6831 |

അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 22/4-1-2022 ക്ക് മറുപടി ലഭ്യമാക്കിയില്ല.അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.കൂടാതെ പിഴ ഇനത്തിൽ അടച്ച തുകയായ 6831 രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 1-21 വിനിയോഗവിവരങ്ങൾ ലഭ്യമല്ല

താഴെപ്പറയുന്ന തുകകൾ വിവിധ വകുപ്പുകൾക്ക് കൈമാറിയെങ്കിലും നാളിതുവരെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് വിവരങ്ങൾ | തുക കൈപ്പറ്റിയത് | തുക | ബിൽനം/തിയ്യതി | അപാകത |
|---|---|---|---|---|
| പ്രോജക്ട് നമ്പർ-4/20-21<br>അടങ്കൽ-200000<br>ചെലവ് -200000<br>ഫണ്ട് -ജനറൽ | എസ്.എസ്.കെ | 200000 | 40/30-3-2021 | വിനിയോഗവിവരം ലഭ്യമാക്കിയില്ല |
| പ്രോജക്ട് നമ്പർ-17/20-21<br>അടങ്കൽ-100000 | എസ്.എസ്.കെ | 100000 | 41/30-3-2021 | വിനിയോഗവിവരം ലഭ്യമാക്കിയില്ല |

| | | | | |
|---|---|---|---|---|
| ചെലവ് -100000<br>ഫണ്ട്<br>-എസ്.സി.പി | | | | |
| പ്രോജക്ട് നമ്പർ-18/20-21<br>അടങ്കൽ-100000<br>ചെലവ് -100000<br>ഫണ്ട്<br>-ടി.എസ്.പി | എസ്.എസ്.കെ | 100000 | 37/12-3-2021 | വിനിയോഗവിവരം ലഭ്യമാക്കിയില്ല |
| പ്രോജക്ട് നമ്പർ-245/20-21<br>അടങ്കൽ-50000<br>ചെലവ് -50000<br>ഫണ്ട്<br>-ടി.എസ്.പി | കോക്ളിയാർ ഇംപ്ളാന്റേഷന് വേണ്ടി കുട്ടികൾക്ക് ധനസഹായം ചെയ്യാൻ കേരള സാമൂഹ്യസുരക്ഷാമിഷന് നല്കിയത് | 50000 | 39/30-3-2021 | വിനിയോഗവിവരം ലഭ്യമാക്കിയില്ല |
| പ്രോജക്ട് നമ്പർ-245/20-21<br>അടങ്കൽ-200000<br>ചെലവ് -200000<br>ഫണ്ട് -തനത് | ജില്ലാപഞ്ചായത്തിന് നല്കി | 200000 | 323/20-3-2021 | വിനിയോഗവിവരം ലഭ്യമാക്കിയില്ല |

അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 22/4-1-2022 ക്ക് മറുപടി ലഭ്യമാക്കിയില്ല.അപാകതയുടെ അടിസ്ഥാനത്തിൽ വിവിധഏജൻസികൾക്ക് നല്കിയ തുകകൾ തടസ്സം ചെയ്യുന്നു.

## 1-22 ടൂർ നോട്ട് ഇല്ലാതെ യാത്രാപ്പടി നല്കി.

ഓഡിറ്റ് വർഷം തനത് ഫണ്ട് പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു .

ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക് ടൂർ നോട്ട് വയ്ക്കാതെ നേരിട്ട് ബിൽ തയ്യാറാക്കി താഴെപ്പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർനം/തിയ്യതി | തുക | കാലയളവ് |
|---|---|---|
| 2200050/20-4-2020 | 69413 | 2018ജൂലായ് മുതൽ ഡിസംബർ 2018 വരെ |
| 2200511/16-10-2020 | 55428 | 2019 ജനവരി മുതൽ ജൂൺ വരെ |
| 2200909/10-2-2021 | 58326 | |

ടൂർ നോട്ടില്ലാതെ യാത്രപ്പടി അനുവദിച്ചതിന് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 21/4-1-2022 ക്ക് മറുപടി ലഭിച്ചില്ല.മുൻകൂർ കൈപ്പറ്റിയതിനുശേഷം മൂന്ന മാസത്തിനുള്ളിൽ യാത്രപ്പടിബില്ലിൽ ക്രമീകരിക്കേണ്ടതും അല്ലെങ്കിൽ 18 % പലിശയോട് കൂടി തിരിച്ചുപിടിക്കേണ്ടതാണെന്ന് കേരളാ ഫിനാൻഷ്യൽ കോഡ് വ്യവസ്ഥ ചെയ്യുന്നു.ആയതിനാൽ മേൽ വ്യക്തികളിൽ നിന്ന് മുൻകൂർ തുക പലിശ സഹിതം ഈടാക്കേണ്ടതാണ്.

## 1-23 വിവിധകേസുകളിലായി വക്കീലിന് ഫീസ് നല്കിയത്-വിശദവിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ ചേർത്തിട്ടില്ല

| വൗച്ചർ നമ്പർ/തിയ്യതി | നല്കിയതുക | കേസ് വിവരങ്ങൾ |
|---|---|---|
| 22000043/17-4-20 | 12000 | WP(C)NO.34820/2019 |
| 22000593/4-11-2020 | 13700 | WP(C)NO.32494/2019 |
| 22000594/4-11-2020 | 12720 | WP(C)12730/20/2020 |
| ആകെ | 38420 | |

മേൽ തുകകൾ നല്കിയത് ഏത് കേസുകൾക്കാണെന്ന വിശദ വിവരങ്ങൾ സ്യൂട്ട് രജിസ്റ്ററിൽ എഴുതിയിട്ടില്ല.

അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 21/4-1-2022 ക്ക് മറുപടി ലഭിച്ചില്ല.അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

## 1-24 ഫുട്ബോൾ അക്കാഡമികൾക്ക് സ്പോർട്സ് കിറ്റ്- കായികക്ഷമതാ റിപ്പോർട്ടും തുടർനടപടികളുമില്ല.

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ട്-നിർവ്വഹണത്തിൽ അപാകതകൾ

പഞ്ചായത്തിന്റെ അധീനതയിലുള്ള ലിംഗഭേദമന്യേയുള്ള യുവജനങ്ങളിൽ കായികക്ഷമത വളർത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് ഫുട്ബോൾ അക്കാഡമികൾക്ക് സ്പോർട്സ് കിറ്റ് നല്കൽ എന്ന പ്രോജക്ട് ആവിഷ്കരിച്ചത്.പ്രോജക്ടിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

പ്രോജക്ട് നമ്പർ-232/2020-2021

അടങ്കൽ-115000/-

ചെലവ്-115000/-

ബിൽ നമ്പർ-5/2-6-2020= 115000/

മേൽ പ്രോജക്ട് പ്രകാരം രണ്ട് അക്കാഡമികൾക്കും,രണ്ട് ക്ളബ്ബുകൾക്കും താഴെപ്പറയും പ്രകാരം ഉപകരണങ്ങൾ വാങ്ങുവാൻ തുക നല്കി.

| അക്കാഡമി/ക്ലബ്ബ് | കൈപ്പറ്റിയ സാധനങ്ങളുടെ വില | കൈപ്പറ്റിയ സ്ഥാപനങ്ങൾ |
|---|---|---|
| യുണൈറ്റഡ് ഫുട്ബോൾ | 50130 | ഫുട്ബോൾ,ജേഴ്സി,ഷോർട്സ്,ഗോൾപോസ്റ്റ് നെറ്റ്,കോൺ12",കോൺ9",ലാഡർ,ബിബ്സ് |

| | | |
|---|---|---|
| അക്കാഡമി | | |
| മൂപ്പൈനാട് ഫുട്ബോൾ അക്കാഡമി | 25070 | ഫുട്ബോൾ,ജേഴ്സി,ഷോർട്സ്,ബിബ്സ്, കോൺ9" |
| എ.എസ്.സി. തലക്കൽ, | 20160 | ഫുട്ബോൾ,ജേഴ്സി,ഷോർട്സ്,ഗോൾപോസ്റ്റ് നെറ്റ്,കോൺ9",സൈഡ് കോർണർ ഫ്ലാഗ്. |
| ശക്തി വട്ടുവൻചാൽ | 20090 | ഫുട്ബോൾ,ജേഴ്സി,ഷോർട്സ്,ഗോൾപോസ്റ്റ് നെറ്റ്,കോൺ9",ലാഡർ 8 മീറ്റർ, |
| ആകെ | 115450/- =115000 | |

ഇതിൽ യുണൈറ്റഡ് ഫുട്ബോൾ അക്കാഡമി,മൂപ്പൈനാട് ഫുട്ബോൾ അക്കാഡമികൾ പ്രോജക്ടിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി മികച്ച കായികതാരങ്ങളെ വാർത്തെടുക്കാൻ മാത്രമേ ഉപയോഗിക്കുകയുള്ളൂ എന്നും പ്രസ്തുത ഉപകരണങ്ങൾ കൈമാറ്റം ചെയ്യുകയില്ലെന്നും,ഇവയുടെ കൃത്യമായ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ച് പഞ്ചായത്ത് ആവശ്യപ്പെടുന്ന സമയം ഹാജരാക്കാമെന്ന് കരാർ ചമച്ചുവെങ്കിലും ആയത് പാലിച്ചില്ല.യുണൈററഡ് അക്കാഡമി ഭാരവാഹിയുമായി ഫോണിൽ ബന്ധപ്പെട്ട് സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും ആയത് തയ്യാറാക്കിയിട്ടില്ലെന്ന മറുപടിയാണ് ലഭിച്ചത്.കൂടാതെ യുവശക്തി ആർട്സ് ആന്റ് സ്പോർട്സ് ഗ്രന്ഥശാല,എ.എസ്.സി തലക്കൽ എന്നീ ക്ളബ്ബുകൾ എഗ്രിമെന്റ് വച്ചിട്ടില്ല.

അപാകതക്ക് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 19/4-1-2022 ക്ക് മറുപടി ലഭ്യമാക്കിയില്ല.അപാകതയുടെ അടിസ്ഥാനത്തിൽ ചെലവുതുകയായ 115000 രൂപ തടസ്സം ചെയ്യുന്നു

## 1-25 കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ ഗ്രോബാഗ് /കുരുമുളക് തൈ വിതരണം ചെയ്തു.

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിൽ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ കൃഷിഓഫീസർ നടപ്പാക്കിയ ഗ്രോബാഗ് ,കുരുമുളക് തൈ വിതരണപ്രോജക്ടിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റില്ലാതെ വിതരണം ചെയ്തതായി കാണുന്നു.ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് വിവരങ്ങൾ | ബിൽ നം/തിയ്യതി | തുക | ഗ്രോബാഗ് കൈപ്പറ്റിയ ഗുണഭോക്താൾ |
|---|---|---|---|
| പ്രോജക്ട് നം-67/20-21<br>പ്രോജക്ട്-ഗ്രോബാഗ് വിതരണം<br>അടങ്കൽ-100000/-<br>ചെലവ്-75000 /-<br>ഫണ്ട്-എസ്.സി.പി<br>25000/-ഗു.വി. | 16/29-1-2021 | 75000 | ശ്രീ.സുഭാഷ് അറയ്ക്കൽ കടച്ചിക്കുന്ന്<br>ശ്രീമതി.ബബിത പാളയം<br>ശ്രീ.സുബ്രമണ്യൻ<br>ശ്രീ.മണി.പി.എൽ |
| പ്രോജക്ട് | 18/5-2-21 | 200000 | 24 |

| | | | |
|---|---|---|---|
| നം-64/20-21<br>പ്രോജക്ട്-കുരുമുളക് തൈ വിതരണം<br>അടങ്കൽ-200000/-<br>ചെലവ്-200000/-<br>ഫണ്ട്-എസ്.സി.പി | | | ഗുണഭോക്താക്കൾക്കാണ് തൈ വിതരണം ചെയ്തത് .ആരും തന്നെ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് വച്ചിട്ടില്ല. |

മേൽ ഗുണഭോക്താക്കൾക്ക് ജാതി സർട്ടിഫിക്കറ്റില്ലാതെ പദ്ധതി ആനുകൂല്യം നല്കിയതിന് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 20/4-1-2022 ക്ക് മറുപടി ലഭിച്ചില്ല.അപാകതയുടെ അടിസ്ഥാനത്തിൽ തുക തടസ്സം ചെയ്യുന്നു.

1-26 ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്ത വ്യക്തിക്ക് പമ്പ് സെറ്റ് അനുവദിച്ചു.

ഓഡിറ്റ് വർഷത്തിൽ ഉദ്പാദനവർദ്ധനവ് ലക്ഷ്യമിട്ട് പമ്പ്സെറ്റ് നല്കുന്ന പ്രോജക്ട് നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ-61/2021

പ്രോജക്ട് -പമ്പ്സെറ്റ് വാങ്ങൽ

അടങ്കൽ-250000/-

ചെലവ്-250000/-

ബിൽ നമ്പർ-12/20-21-തുക 250000/- തിയ്യതി 11-1-2021

പ്രോജക്ടിന്റെയും ഫയലുകളുടെയും ബില്ലുകളുടെയും പരിശോധനയിൽ ഗുണഭോക്തൃലിസ്റ്റിലില്ലാത്ത ക്രമനമ്പർ 17 കാരനായ ശ്രീ.ജോർജ്ജ് ടി.വി.എന്ന വ്യക്തിക്ക് പമ്പ്സെറ്റിന് സബ്സിഡി ഇനത്തിൽ 8750 രൂപ നല്കിയതായി കാണുന്നു.ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാത്ത വ്യക്തിക്ക് ധനസഹായം അനുവദിച്ചതിന് വിശദീകരണം നല്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറി 20/4-1-2022ക്ക് മറുപടി ലഭിച്ചില്ല.അപാകതയുടെ അടിസ്ഥാനത്തിൽ തുക ഉത്തരവാദിയായ കൃഷിഓഫീസറിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

1-27 ബില്ലിലുള്ള മരുന്നുകൾ പൂർണ്ണമായും സ്റ്റോക്കിൽ ചേർത്തിട്ടില്ല-

മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്ക് **1 ,50,000/-(**സംരക്ഷണ ഗ്രാന്റ് **-**റോഡിതരം**)** വകയിരുത്തി**. 1,50,000/-** യുടെ മരുന്ന് വാങ്ങി **(** ബിൽ നം**- 7/24.3.2021).** ടെണ്ടർ നടപടിയിലൂടെ **2** സ്ഥാപനങ്ങളിൽ നിന്നാണ് മരുന്ന് വാങ്ങിയിട്ടുള്ളത്**.** ഇവയിൽ കെയർവെൽ ഫാർമ്മയിൽ നിന്നും **₹32000/- (**ഇൻവോയ്സ് നമ്പർ **- 152/21.01.2021)** യുടെ മരുന്ന് വാങ്ങി**.** ബില്ലിലുള്ള മരുന്നുകൾ പൂർണ്ണമായും സ്റ്റോക്കിൽ ചേർത്തിട്ടില്ല**.** കൂടാതെ

മലബാർ ഡ്രഗ് ലൈനിൽ നിന്നും **₹118000/- (**ഇൻവോയ്സ് നമ്പർ **- 9231/6.01.2021)** യുടെ മരുന്ന് വാങ്ങി**.** ബില്ലിലുള്ള മരുന്നുകൾ പൂർണ്ണമായും സ്റ്റോക്കിൽ ചേർത്തിട്ടില്ല**.**

ബിൽ പ്രകാരം ലഭിച്ച മരുന്നകളുടെ അളവും സ്റ്റോക്കിൽ രേഖപ്പെടുത്തിയതിലെ വ്യത്യാസത്തിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു**.**

| ക്രമനം | മരുന്നിന്റെ പേര് | ബിൽ പ്രകാരമുള്ള എണ്ണം | ബിൽ പ്രകാരമുള്ള നിരക്ക് | സ്റ്റോക്കിലെടുത്തവയുടെ എണ്ണം | വ്യത്യാസം/തുക |
|---|---|---|---|---|---|
| 1 | കെയർവെൽ ഫാർമ്മ Mcderm Oint | 25 എണ്ണം (15 Mg) | ₹50.44 | 10 എണ്ണം (15 Mg) Vol Vപേജ് -3 | 15@50.44 = 756.6 |
| 2 | മലബാർ ഡ്രഗ് ലൈൻ FIVIT- H | 40 എണ്ണം(60 Ml) | ₹90 | 20 എണ്ണം (60 Ml) Vol VIപേജ് -160 | 20@90= 1800 |
| | | | | ആകെ | 2556.60 |

ബിൽ പ്രകാരമുള്ള മരുന്നുകൾ മുഴുവൻ ലഭിക്കാത്തതിനാൽ ആയതിന്റെ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

1-28 ആയുർ വേദ മരുന്ന് മുഴുവൻ ലഭിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ(ആയുർ വേദം**)**

1) പ്രോജക്ട് നം 115/2020-21(ജനനീ സുരക്ഷ (പട്ടിക വർഗ്ഗം),

അടങ്കൽ 100000/- രൂപ( TSP)

ചെലവ് 100000/- രൂപ,

ഔഷധിയിൽ നിന്നാണ് 100000രൂപക്ക് മരുന്ന് വാങ്ങിയത്.ഔഷധി മരുന്ന് നൽകിയത് താഴെ പറയുന്ന തീയതികളിലാണ്.

| മരുന്ന് ലഭിച്ച തീയതി | മരുന്ന് വില |
|---|---|
| 19.7.20 | 8596 |
| 10.10.20 | 7602 |
| 3.12.20 | 1283 |
| 21.8.20 | 56049 |
| 10.10.20 | 1678 |
| ആകെ | 75208 |

**24792**രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല**.** മരുന്ന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്**.**

**24792**രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു

1-29 തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ തപ്രവൃത്തികൾക്ക് സാധന സാമഗ്രികൾ വിതരണം ചെയ്ത കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല .

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ വിതരണം ചെയ്ത കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല .

| ക്രമ നം. | പ്രവൃത്തികളുടെ പേര് | എം ബുക്ക് നമ്പർ | കരാറുകാരൻ | സാധന സാമഗ്രികൾക്ക് അനുവദിച്ച തുക | ബിൽ നമ്പറും തീയതിയും |
|---|---|---|---|---|---|
| 1 | മഞ്ഞളം കിണർ നിർമ്മാണം | 154/20-21 | കെ വി പുറവത്ത് | 179599 | 206/20.3.21 |
| 2 | ചിത്രഗിരി 60 വട്ടത്തു വയൽ റോഡ് | 341/20-21 | ശിഹാബുദ്ദീൻ | 384900 | 16/20-21 |
| 3 | തലവയൽ റോഡ് കോൺക്രീറ്റ് | 420/20-21 | അരുൺ കെ പി | 154764 | |
| 4 | മാൻകുന്ന് പൊതുകിണർ നിർമ്മാണം | 195/20-21 | കെ വി പുറവത്ത് | 139267 | 203/20.4.21 |
| | | | | | |

മേൽ പറഞ്ഞ ആസ്തി നിർമ്മാണ പ്രവൃത്തികളുടെ ആദായ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-30 പൊതുമരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ

ഗ്രാമപഞ്ചായത്ത് **2020-21** വർഷം നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ

പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ അവയുമായി ബന്ധപ്പെട്ട് രജിസ്റ്ററുകൾ എന്നിവ

സൂക്ഷിക്കുന്നതിൽ വീഴ്ചയുണ്ട്. പൊതുവായ ന്യൂനതകൾ താഴെപ്പറയുന്നു.

1)ഇ എം ഡി രജിസ്റ്റർ, ടെണ്ടർ ഇഷ്യൂ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

2) വർക്ക് ഫയലുകളിൽ നോട്ട് ഫയൽ കൃത്യമായി സൂക്ഷിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ

നോട്ട് ഫയലിൽ ഒപ്പിടുന്നില്ല.

3) റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല. കൃത്യമായ

ലൊക്കേഷൻ മാപ്പുകൾ സൂക്ഷിക്കുന്നില്ല. . ചെയിനേജ് ഇല്ലാത്തതിനാൽ ഓരോ റോഡിലും

എവിടെ പ്രവൃത്തി നടത്തിയെന്ന് കണ്ടെത്താനാകുന്നില്ല.

4) കുടിവെള്ള വിതരണ പദ്ധതികളിൽ (അവയുടെ പുനരുദ്ധാരണ പദ്ധതികളിലും) സ്ഥലം

വിട്ടുകിട്ടിയതിന്റെയും അത് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആക്കിയതിന്റെയും രേഖകളില്ല.

പദ്ധതി നടപ്പിലാക്കുന്ന സ്ഥലത്തിന്റെ കൃത്യമായ ലൊക്കേഷൻ സ്കെച്ച്, കിണർ - പമ്പ് ഹൗസ് - ടാങ്ക് എന്നിവയുടെ സ്ഥാനം, പൈപ്പ് ലൈൻ വിന്യാസം എന്നിവയുടെ രൂപരേഖ എന്നിവയൊന്നും ഫയലിൽ ഇല്ല.

5) പല പ്രവൃത്തികളുടെയും കരാറുടമ്പടിയുടെ എല്ലാ പേജുകളിലും ഒപ്പ് വച്ചിട്ടില്ല. എഗ്രിമെന്റ്

വ്യവസ്ഥകൾ എഴുതി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തിയുടെ പൂർത്തീകരണ തിയ്യതി/കരാർ

കാലയളവ് എന്നിവ രേഖപ്പെടുത്തുന്നില്ല. തൻവർഷം .

6) പൊതുമരാമത്ത് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല

7) പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനിട്ടസ് ബുക്കിൽ പ്രോജക്ട് രൂപികരണവും നിർവ്വഹണവും സംബന്ധിച്ച് വിശദമായ കുറിപ്പുകളോ വിവരങ്ങളോ രേഖപ്പെടുത്തി കാണുന്നില്ല. ചില പദ്ധതിനിർദ്ദേശങ്ങൾ നൽകി എന്നല്ലാതെ പദ്ധതിനിർവഹണം മോണിട്ടർ ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല.

8) മരാമത്ത് പ്രവൃത്തികൾക്ക് തുക വകയിരുത്തുകയും എന്നാൽ

പ്രോജക്റ്റ് കൃത്യമായി
നടപ്പിലാക്കുകയും ചെയ്യാത്തതിനാൽ ഫണ്ട് ലാപ്സാകുന്നുണ്ട്.
9) ചെറിയ ചെറിയ തുകകൾ വകയിരുത്തി ധാരാളം പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നു.
ആയതിനാൽ ചെലവഴിച്ച തുകകൾ പ്രയോജനപ്രദമാകുന്നില്ല എന്ന് കാണുന്നു. സാധ്യമാകുന്നത്ര
റോഡുകൾ പൂർണ്ണമായും ഗതാഗതയോഗ്യമാകുന്ന രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി,
പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നില്ല.

1-31 മരാമത്ത് പ്രവൃത്തി പൂർത്തീയാക്കാൻ കാലതാമസം-പിഴ ഈടാക്കിയില്ല

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരളപൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2112,2112-1 എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ചുനൽകിയാൽ പിഴയീടാക്കാനും അതിന്റെ നിരക്കുകളും മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുപ്രകാരം സമയംദീർഘിപ്പിച്ചുനൽകുന്നത്, ഒറ്റതവണ ഒറിജിനൽ സമയത്തിന്റെ 25 ശതമാനത്തിലും, പരമാവധി 50 ശതമാനത്തിലും അധികരിയ്ക്കാൻ പാടില്ലായെന്നും, പിഴയായി ആദ്യതവണ കരാർ തുകയുടെ 1 ശതമാനവും തുടർന്ന് കരാർ തുകയുടെ 2 ശതമാനം വീതവും ഈടാക്കണമെന്നുമാണ്. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15ത സ്വ ഭ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ 3 മാസക്കാലയളവിന് 2 ശതമാനം നിരക്കിലും പിഴയീടാക്കണമെന്നുമാണ്.ഈ വ്യവസ്ഥകൾകരാറുകാരുമായി ഉണ്ടാക്കുന്ന ഉടമ്പടികളിൽ ഏഴാമത്തെ വ്യവസ്ഥയായി ഉൾക്കൊള്ളിക്കാറുണ്ടെങ്കിലും. താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തകരാറുകാർ കരാർപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുകയോ , കാലാവധിക്കുള്ളിൽ സമയപരിധി നീട്ടാൻ അപേക്ഷ നൽകി ഭരണസമിതി അംഗീകാരം വാങ്ങുകയോ ചെയ്യാതെ , കരാറുകാരിൽ നിന്നും യാതൊരുവിധ പിഴയും ഈടാക്കാതെ അവസാന ബിൽതുക നൽകിയതായി കാണുന്നു. .വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തി, കരാറുകാരൻ, ബിൽ തുക | PAC, കരാർ തീയതി | കരാർ പ്രകാരം പൂർത്തി യാക്കേണ്ട തിയതി- എംബുക്ക് പ്രകാരം പൂർത്തി യാക്കിയ തിയതി | പൂർത്തി യാക്കാ നെടുത്ത കാല താമസം | ഈടാ ക്കേ ണ്ടിയി രുന്ന പിഴ |
|---|---|---|---|---|
| തിനപുരം അമ്പലക്കുന്ന് റോഡ് 101/2021 | 446522 31.3.20 | 30.9.2020 - 5.2.20 | 4 മാസം 5 | 13396 രൂപ (3 %) |

| | | | | |
|---|---|---|---|---|
| സിയാവുദ്ധീൻ<br>482140 രൂപ<br>(Bill No 92/30.3.21) | | | ദിവസം | |
| മേലെ അരപ്പറ്റ അമ്പലം ഫാക്ടറി റോഡ്<br>221/2021<br>സിയാവുദ്ധീൻ<br>577605 രൂപ<br>(Bill No 58/19.1.21) | 535687<br>31.3.20 | 30.9.2020<br>- 5.1.21 | 3 മാസം<br>5<br>ദിവസം | 10713<br>രൂപ<br>(2%) |
| | | | | |
| | | | ആകെ | 24109<br>രൂപ |

പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്ത മേൽ പരാമർശിച്ച കരാറുകാരിൽ നിന്ന് നിയമപ്രകാരമുള്ള പിഴ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-32 മരാമത്ത് പ്രവൃത്തി ബില്ലിൽ നിന്നും നികുതി ഈടാക്കിയില്ല

| പ്രവൃത്തി, കരാറുകാരൻ | First Bill | Second Bill | ബിൽ വിവരം |
|---|---|---|---|
| നല്ലന്നൂർ ഇയ്യമ്പാറ റോഡ് നവീകരണം<br>96/2021<br>അടങ്കൽ 767000 രൂപ<br>എസ്റ്റിമേറ്റ് 600000 രൂപ<br>ബിനോജ്<br>എം ബുക്ക് 134/20 | പ്രവൃത്തി മൂല്യം<br>233594 രൂപ<br>നികുതി ഈടാക്കിയത്<br>CWWF -2336 രൂപ<br>CGST – 2336 രൂപ<br>SGST – 2336 രൂപ<br>IT- ഈടാക്കിയില്ല | പ്രവൃത്തി മൂല്യം<br>270405രൂപ<br>CWWF -ഈടാക്കിയില്ല<br>CGST – ഈടാക്കിയില്ല<br>SGST – ഈടാക്കിയില്ല<br>IT- ഈടാക്കിയില്ല | 1)bill No 39/11.4.20<br>233594 രൂപ<br>2)bill No 39/11.4.20<br>330855 രൂപ |

നികുതി ഈടാക്കാൻ വിട്ടുപോയത് ചുവടെ ചേർക്കുന്നു.

1)First Bill

IT- 2336 രൂപ

2)Second Bill

CWWF -2704രൂപ

CGST – 2704രൂപ

SGST – 2704 രൂപ

IT- 2704 രൂപ

ആകെ -13152 രൂപ

കരാറുകാരനിൽ നിന്നും നികുതി തിരികെ ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 മരാമത്ത് പ്രവൃത്തി ബില്ലിൽ നിന്നും നികുതി ഈടാക്കിയില്ല-13152 രൂപ നിരാകരിക്കുന്നു

| പ്രവൃത്തി, കരാറുകാരൻ | First Bill | Second Bill | ബിൽ വിവരം |
|---|---|---|---|
| നല്ലന്നൂർ ഇയ്യമ്പാറ റോഡ് നവീകരണം<br>96/2021<br>അടങ്കൽ 767000 രൂപ<br>എസ്റ്റിമേറ്റ് 600000 രൂപ<br>ബിനോജ്<br>എം ബുക്ക് 134/20 | പ്രവൃത്തി മൂല്യം 233594 രൂപ<br>നികുതി ഈടാക്കിയത്<br>CWWF -2336 രൂപ<br>CGST – 2336 രൂപ<br>SGST – 2336 രൂപ<br>IT- ഈടാക്കിയില്ല | പ്രവൃത്തി മൂല്യം 270405രൂപ<br>CWWF -ഈടാക്കിയില്ല<br>CGST – ഈടാക്കിയില്ല<br>SGST – ഈടാക്കിയില്ല<br>IT- ഈടാക്കിയില്ല | 1)bill No 39/11.4.20 233594 രൂപ<br>2)bill No 39/11.4.20 330855 രൂപ |

നികുതി ഈടാക്കാൻ വിട്ടുപോയത് ചുവടെ ചേർക്കുന്നു.

1)First Bill
IT- 2336 രൂപ

2)Second Bill

CWWF -2704രൂപ

CGST – 2704രൂപ

SGST – 2704 രൂപ

IT- 2704 രൂപ

ആകെ -13152 രൂപ

കരാറുകാരനിൽ നിന്നും നികുതി തിരികെ ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

13152 രൂപ നിരാകരിക്കുന്നു

## 3-2 ഐ സി ഡി എസ് സൂപ്പർവൈസർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായും പദ്ധതി ലക്ഷ്യങ്ങൾക്ക് വിരുദ്ധമായും പദ്ധതി നടപ്പാക്കി

മുപ്പൈനാട് ഗ്രാമപഞ്ചായത്തിലെ വനിതകൾക്കിടയിൽ ശാക്തീകരണം നടത്തുന്നതിനു വേണ്ടി ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതിയാണ് 'ജൻഡർ റിസോഴ്സും അനുബന്ധ പ്രവർത്തനങ്ങളും' . സ്ത്രീകളുടെ ജീവിതസാഹചര്യങ്ങളും അനുഭവങ്ങളും വിശകലനം നടത്തി ലിംഗപദവി തുല്യതയും ലിംഗനീതിയും സൃഷ്ടിക്കുന്നതിനുള്ള സാമൂഹിക സാഹചര്യം ഉണ്ടാക്കുന്നതിനും സ്ത്രീകളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും വിവിധ തലങ്ങളിൽ ഇടപെടലുകൾ നടത്തി സ്ത്രീപദവി വർദ്ധിപ്പിക്കുന്നതിനും വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്തത്. ജൻഡർ റിസോഴ്സ് സെന്റർ ഓഫീസ് പ്രവർത്തനത്തിനാവശ്യമായുള്ള സ്റ്റേഷനറി വാങ്ങുന്നതിനും അതത് കാലത്തെ സ്ത്രീ വിഷയ സംവാദങ്ങൾ സംഘടിപ്പിക്കുന്നതിനും വാർഡ് തല വനിതാ അദാലത്തുകൾ സംഘടിപ്പിക്കുന്നതിനും കൗമാരക്കാർ, വിധവകൾ, വയോജനങ്ങൾ എന്നിവർക്കിടയിൽ കൗൺസിലിംഗ് നടത്തുന്നതിനും കൗൺസിലേഴ്സ്, വിഷയ മേഖലാ വിദഗർ എന്നിവർക്ക് സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള ഹോണറേറിയം നൽകുന്നതിനും വേണ്ടിയാണ് പദ്ധതി ലക്ഷ്യം വെച്ചത്.പദ്ധതി വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രോജക്ട് നമ്പർ- SO243/2020-21

പ്രോജക്ട്- ജൻഡർ റിസോഴ്സും അനുബന്ധ പ്രവർത്തനങ്ങളും.

അടങ്കൽ - ₹ 1,50,000/-

ചെലവ് – ₹ 1,50,000/-

ബിൽ നമ്പർ-11/2020-21/13.11.2021

ഫണ്ടിനം- പൊതുവിഭാഗം സാധാരണ വിഹിതം

മേൽ പദ്ധതി തുക ഉപയോഗിച്ച് നിർവ്വഹണ ഉദ്യേഗസ്ഥ പദ്ധതി ലക്ഷ്യങ്ങളിൽ പരാമർശിക്കാത്ത പഞ്ചായത്തിലെ വിവിധ മേഖലകളിലുള്ള സ്ത്രീകൾക്ക് മെൻസ്ട്രൽ കപ്പ് വിതരണം നടത്തുകയാണുണ്ടായത്.

മേൽ പദ്ധതി സംബന്ധിച്ച പരാമർശങ്ങളൊന്നും സ.ഉ(കൈ)നം.22/2018 ത സ്വ ഭ വ തിയ്യതി.14/02/2018 പ്രകാരമുള്ള പ്രകാരമുള്ള മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ല.

പദ്ധതിമാർഗ്ഗരേഖ പ്രകാരം നടത്താൻ അനുവാദമില്ലാത്ത പദ്ധതി നടത്തുന്നതിനായി സർക്കാരിൽ നിന്നും അനുമതിയോ ഉത്തരവുകളോ ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന് കാണിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം. 05/2020-21/ 27.12.2021)മറുപടി ലഭ്യമാക്കിയിട്ടില്ല.

സ.ഉ(കൈ)നം.11/2018 ത സ്വ ഭ വ തിയ്യതി.29/01/2018 പ്രകാരമുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഖ. 3.8.4 പ്രകാരം നൂതന പദ്ധതിയായുള്ള അംഗീകാരം വാങ്ങാതെയാണ് പദ്ധതി നടപ്പാക്കിയത്. മേൽ മാർഗ്ഗരേഖ ഖ.3.8.3 ലെ നിബന്ധനകൾ പാലിക്കാതെയാണ് വെറ്റിംഗ് ഓഫീസർ പദ്ധതി വെറ്റ് ചെയ്തത്.

പദ്ധതി മാർഗ്ഗ രേഖയിൽ പരാമർശിക്കാത്ത പദ്ധതിയായതിനാലും നൂതന പദ്ധതിയിൽ ഉൾപ്പെടുത്താത്തതിനാലും വ്യക്തിഗതയിനത്തിൽ നടപ്പാക്കിയ മെൻസ്ട്രൽ കപ്പ് വിതരണ പദ്ധതിയ്ക്ക് ചെലവായ തുക 150,000/- രൂപ നിരാകരിക്കുന്നു.

## ഭാഗം -4

### 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2391000 | 1)ക്ഷീരകര്ഷകര്ക്ക് പാലിന് സബ്സിഡി<br>2) ലൈഫ് ഭവന പദ്ധതി (ജനറല്)<br>3) ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 2241000 | 150000 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 8789143 | 1. 1)ക്ഷീരകര്ഷകര്ക്ക് പാലിന് സബ്സിഡി<br>2. ഭിന്നശേഷി സ്കോളർഷിപ്പ് 3)സുഭിക്ഷ കേരളം മൽസ്യകൃഷി 4)നല്ലന്നൂർ കാവ് സംരക്ഷണം<br>5)ലൈഫ് ഭവന പദ്ധതി(TSP)<br>6)ലൈഫ് ഭവന പദ്ധതി ഒന്നാം ഘട്ടം പൂർത്തീകരണം | 6569143 | 2220000 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവന പദ്ധതി വായ്പാ തിരിച്ചടവ് | | 34099432 | 34099432 | 40,00,000 | | 30099432 |
| ഹഡ്കോ ലോൺ (ലൈഫ്) | | 37195867 | 60000000 | 4862588 | | 55137412 |

4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5379777 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 5379777 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| *വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം* | **5379777** |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | വയനാട് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് | 30.3.21 | 1 വർഷം | 542500 | |

| | | | | | |
|---|---|---|---|---|---|
| | ബാങ്ക്, വട്ടുവൻചാല് | | | | |
| 2 | വയനാട് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, വട്ടുവൻചാല് | 24.3.21 | 1 വർഷം | 540000 | |
| 3 | വയനാട് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, വട്ടുവൻചാല് | 12.2.20 | 181 ദിവസം | 754034/- | |
| 4 | വയനാട് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, വട്ടുവൻചാല് | 26.12.20 | 1 വർഷം | 456472/- | |
| 5 | വയനാട് ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, വട്ടുവൻചാല് | 12.2.21 | 181 ദിവസം | 1430589/- | |
| 6 | വട്ടുവൻചാല് സര്വ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 30.3.21 | 1 വർഷം | 1314135/- | |
| 7 | വട്ടുവൻചാല് സര്വ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 28.02.2020 | 1 വർഷം | 569670/- | |
| ആകെ | | | | 5607400 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-18 | 3(3) | 4980 | ഷഹർബാൻസൈതലവി, മുൻ ജനപ്രതിനിധി | 120030102160 തീയതി. 30.11.2020 |
| 2014-15 | 3(1) | 1726 | സുനിത ജയിംസ്, മുൻ ജനപ്രതിനിധി | 120030101933 തീയതി. 17.11.2020 |

| | | | | |
|---|---|---|---|---|
| 2014- 15 | 3(1) | 3453 | സി.പി രാജീവന്, മുൻ ജനപ്രതിനിധി | 120030101909 തീയതി. 16.11.2020 |
| 2014-15 | 3(1) | 5179 | യശോദ ചന്ദ്രൻ, മുൻ ജനപ്രതിനിധി | 120030101907, തീയതി. 16.11.2020 |
| 2014-15 | 3(1) | 1726 | വത്സജോർജ്ജ്, മുൻ ജനപ്രതിനിധി | 120030101905 തീയതി. 16.11.2020 |
| 2015-16 | 3(3) | 4980 | ആർ.യമുന, മുൻ ജനപ്രതിനിധി | 120030101828 തീയതി. 12.11.2020 |
| 2015-16 | 3(1) | 9380 | അജിത ചന്ദ്രൻ, മുൻ ജനപ്രതിനിധി | 120030101824 തീയതി. 12.11.2020 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3.11 | 2006-07 | 3.90.1 | ജെ.ജി.എസ്.വൈ പ്രവൃത്തി പൂർത്തീകരിച്ചില്ല | ഓഡിറ്റിന് മറുപടി സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 121682446 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 126398963 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 163152 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1301960 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 13152 | ടോണി സി എൽ അസി.എഞ്ചിനീയർ |
| 3-2 | | 150000 | സുമിത എസ്, ഐസിഡിഎസ് സൂപ്പർവൈസർ |

| | | | |
|---|---|---|---|
| | ആകെ | 163152 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 6831 | ഷോബി കെ ബി, സെക്രട്ടറി ഷിനോജ് മാത്യൂ സെക്രട്ടറി ഇൻ ചാർജ് |
| 1-21 | 650000 | ഷിനോജ് മാത്യൂസെക്രട്ടറി ഇൻ ചാർജ് |
| 1-22 | 183167 | ഷോബി കെ ബി, സെക്രട്ടറി |
| 1-23 | 38420 | ഷോബി കെ ബി, സെക്രട്ടറി |
| 1-24 | 115000 | ഉഷ പി ആർ, ഹെഡ് മാസ്റ്റർ |
| 1-25 | 275000 | മറിയുമ്മ, കൃഷി ഓഫീസർ |
| 1-26 | 8750 | മറിയുമ്മ, കൃഷി ഓഫീസർ |
| 1-28 | 24792 | ഡോ.വിനേഷ് മെഡിക്കൽ ഓഫീസർ |
| | 1301960 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ടോണി സി എൽ, അസി .എഞ്ചിനീയർ(എംപ്ളോയ്മെൻറ് അസി.എഞ്ചിനീയർ) | | |
| സുമിത, ഐസി ഡി എസ് | സൂപ്പർവൈസർ | |

| | | |
|---|---|---|
| സൂപ്പർവൈസർ | ഐസിഡിഎസ് പ്രോജക്ട് ഓഫീസ്, വെള്ളമുണ്ട | |
| | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-2001 | LF(W)P3-99/2003 Dtd. 18.04.2005 |
| 2001-02 | LF(W)P1-112/2009 Dtd. 03.02.2009 |
| 2002-03 | LF(W)P1-241/05 Dtd. 05.01.2008 |
| 2003-04 | LF(W)P1-1226/09 Dtd. 04.02.2009 |
| 2004-05 | LF(W)P1-1225/09 Dtd. 04.02.2009 |
| 2005-06 | LF(W)P1-867/11 Dtd. 29.12.2011 |
| 2006-07 | LF(W)P1-868/12 Dtd. 05.07.2012 |
| 2007-08 | LF(W)P1-947/12 Dtd. 02.02.2011 |
| 2008-09 | LF(W)P1-893/2011(1) Dtd. 26.03.2013 |
| 2009-10, 2010-11 | LF(W)P1-700/2011(1) Dtd. 18.05.2015 |
| 2011-12, 2012-13 | LF(W)P1-678/2014 Dtd. 19.02.2015 |
| 2013-14 | KSA (WYD)P1-398/2015 Dtd. 13.04.2018 |
| 2014-15 | KSA (WYD)P1-483/2016 Dtd. 04.04.2017 |

| | |
|---|---|
| 2015-16 | KSA (WYD)P1-753/20116 Dtd. 31.03.2016 |
| 2016-17 | KSA (WYD)P1-580/17 Dtd. 06.05.2019 |
| 2017-18 | KSA (WYD) P1-1011/18 Dtd. 14.11.2019 |
| 2018-19 | KSA (WYD) P1-841/19 Dtd. 05.12.2019 |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ മുപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ മുപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്